**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4246 13.12.2018-ലെ മറുപടിയ്ക്ക്

## <u>കായിക വകുപ്പ് ഏറ്റെടുത്ത സ്കൂളുകൾ</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| വിദ്യാഭ്യാസ വകുപ്പിൽ നിന്നും കായികവകുപ്പ് ഏറ്റെടുത്തിട്ടുള്ള ജി. വി. രാജ സ്പോർട്സ് സ്കൂളും കണ്ണൂർ സ്പോർട്സ് ഡിവിഷനും മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ.ജി.വി.രാജ സ്പോർട്സ് സ്കൂൾ,മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണചുമതല പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനായി ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും മികച്ച കായിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ഹോസ്റ്റലുകൾ, അടുക്കള, ശുചിമുറികൾ, എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ഈ സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി ഏറ്റെടുത്ത വിവിധ പദ്ധതികളുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു.<br>1) ജി.വി.രാജ സ്പോർട്സ് സ്കൂളിലേക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br>2) ബാസ്കറ്റ്ബാൾ, ഹോക്കി കോർട്ടുകൾ, |

| | |
|---|---|
| | ഇൻഡോർ ഹാൾ നവീകരണം എന്നിവ പൂർത്തീകരിച്ച് വരുന്നു.<br>3) ആൺകുട്ടികളുടെ ശുചിമുറികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച് എന്നിവയുടെ അറ്റകുറ്റപണികൾ പൂർത്തികരിച്ചു.<br>4) ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് പ്രവർത്തികൾ പൂർത്തികരിച്ചു.<br>5) ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.<br>6) വോളീബോൾ കോർട്ട് നവീകരണം പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>7) ജി.വി.രാജ സ്പോർട്സ് സ്കൂളിലെ റീട്ടെയിനിംഗ് വാൾ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>8) സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.<br>9) 6 വരി 400M അത്ലറ്റിക് ട്രാക്ക്, 8 വരി സ്ട്രെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>10) സ്പ്രിംഗ്ളർ, സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br>11) സ്കൂളുകളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>12) കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണ പ്രവൃത്തി അവസാനഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**